Draft #2 of File 51767/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Oct-2023 12:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർക്കാർ ഉത്തരവ് പ്രകാരം വിദ്യാർത്ഥിനികൾക്ക് അനുവദിച്ചിട്ടുള്ള ആർത്തവ അവധി "വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ്" എന്ന് പുനഃ നാമകരണം ചെയ്യുന്നത് - ഹാജർ നിലയ്ക്ക് ആനുപാതികമായി വിദ്യാർത്ഥിനികൾക്ക് ഇന്റേണൽ മാർക്ക് അനുവദിക്കുന്നത് - അക്കാദമിക് കൗൺസിൽ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു .

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 10426/AC A 1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.10.2023

*പരാമർശം:*-1. സ.ഉ (കൈ)നം. 33/2023/HEDN തീയതി, 19.01.2023

2.സർവ്വകലാശാല ഉത്തരവ് നമ്പർ.6524/ACA1/2023/ എം.ജി.യു തീയതി,12.06.2023

3.ഹരിത കേരള സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് / സെക്രട്ടറി ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച 27.01.2023 തീയതി കത്ത്

4. സർക്കാർ കത്ത് നമ്പർ. E3/61/2023- HEDN തീയതി, 26.04.2023

5.13.09.2023 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിട്സ് ഇനം നം . 22/51767/AC A1/2/2023.

**ഉത്തരവ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർവ്വകലാശാലയിലെയും വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി അനുവദിച്ചുകൊണ്ടും അറ്റൻഡൻസിനുള്ള പരിധി വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ 73 ശതമാനമാക്കി നിശ്ചയിച്ചുകൊണ്ടും 18 വയസ്സ് കഴിഞ്ഞ വിദ്യാർത്ഥിനികൾക്ക് പരമാവധി 60 ദിവസം വരെ പ്രസവാവധി അനുവദിച്ചുകൊണ്ടും പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവ് പരാമർശം (2) പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിരുന്നു.

പരാമർശം (1) സർക്കാർ ഉത്തരവിൽ ഹാജർ നിലയിലെ ഇളവ് മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എന്നും ആയതിനാൽ ഹാജർ നിലയിൽ നൽകിയിരിക്കുന്ന ഇളവിനനുസരിച്ച് ഇന്റേണൽ മാർക്കനുവദിക്കുന്നതിനുള്ള ഹാജർ നിലയ്ക്കും മാറ്റം വരുത്തണമെന്നും 'ആർത്തവ അവധി' പുന: നാമകരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് കൊണ്ട് പരാമർശം (3) പ്രകാരം ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ പരാമർശം (4) പ്രകാരം സർവ്വകലാശാലയോട് റിപ്പോർട്ട് തേടിയിരുന്നു.

13.09.2023-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗം വിഷയം പരിഗണിക്കുകയും പരാമർശം (5) പ്രകാരം, "വിദ്യാർത്ഥിനികൾക്ക് ആർത്തവാവധി ഉൾപ്പെടെ ഹാജർ നിലയിൽ നൽകിയ 2% ഇളവ് ഇന്റേണൽ മാർക്കിന് പരിഗണിക്കുന്ന സ്ലാബുകളിലും (2% വീതം) താഴെ പറയും പ്രകാരം അനുവദിക്കുന്നതിനും 2023-2024 അദ്ധ്യയന വർഷത്തിലെ 1,3,5 മുതലായ

സെമസ്റ്ററുകളിലെ വിദ്യാർത്ഥിനികൾക്ക് മുതൽ അനുവദിക്കുന്നതിനും ഇത്തരത്തിൽ വിദ്യാർത്ഥിനികൾക്ക് അനുവദിക്കുന്ന അവധിയെ ഇനിമുതൽ "വിദ്യാർത്ഥിനികൾക്കായുള്ള സ്പെഷ്യൽ ലീവ് " എന്ന് ആക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

75%-80%- ഒരു മാർക്ക് എന്നതിന് പകരം 73%-78% - ഒരു മാർക്ക്
80%-85%- രണ്ട് മാർക്ക് എന്നതിന് പകരം 78%-83% - രണ്ട് മാർക്ക്
85%-90%- മൂന്ന് മാർക്ക് എന്നതിന് പകരം 83%-88% - മൂന്ന് മാർക്ക്
90%-95%- നാല് മാർക്ക് എന്നതിന് പകരം 88%-93% - നാല് മാർക്ക്
95% മുകളിലേക്ക് അഞ്ച് മാർക്ക് എന്നതിന് പകരം 93 % മുകളിലേക്ക് അഞ്ച് മാർക്ക്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ / പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /ഐ.റ്റി.സെൽ 1/2
6.വിവിധ അക്കാദമിക് / ടാബുലേഷൻ സെക്ഷനുകൾ /യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.എസിസി I /എസിസി II / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 51767/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Oct-2023 12:05 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം